(ബി) ഇതിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും എത്ര പേർക്ക് ക്ഷേമനിധി രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി ബസ് പെർമിറ്റ് നൽകുന്നതിനും പെർമിറ്റ് പുതുക്കി നൽകുന്നതിനും തൊഴിലാളി ക്ഷേമനിധി രജിസ്ട്രേഷൻ വേണമെന്ന നിബന്ധന നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരമൊരു നിബന്ധന പ്രാവർത്തികമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ രേഖകൾ പ്രകാരം 26197 പ്രൈവറ്റ് ബസുകളുണ്ട്. ഇതിൽ 11616 എണ്ണം ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വന്നിട്ടുണ്ട്. 14581 ബസുകൾ ഈ പദ്ധതിയിൽ വരാനുണ്ട്.

(ബി) ഇതിൽ 57171 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. 46958 പേർക്ക് ക്ഷേമനിധി അംഗങ്ങളായി രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്.

സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനം

*17 [917] ശ്രീ. പി. സി. ജോർജ്ജ്:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ സ്ത്രീകളുടെ ക്ഷേമത്തിനായി എത്രത്തോളം പ്രയോജനപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; കമ്മീഷൻ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് എത്ര സന്ദർശനങ്ങൾ ഇപ്പോഴത്തെ വനിതാ കമ്മീഷൻ നടത്തിയിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി;

(സി) പ്രസ്തുത റിപ്പോർട്ടുകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) വനിതാകമ്മീഷന് ഇതിനകം ലഭിച്ച മൊത്തം പരാതികൾ എത്ര; പരാതികളിൽ ഇനിയും തീർപ്പാക്കുവാനായി അവശേഷിക്കുന്നവ എത്ര എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പരിശോധിച്ചിട്ടുണ്ട്. കമ്മീഷൻ പുനഃസംഘടിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രധാനമായും പത്തോളം സന്ദർശനങ്ങൾ വനിതാ കമ്മീഷൻ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട 2 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

(സി) കേരള വനിതാ കമ്മീഷൻ ആക്ട് സെക്ഷൻ 16(2) പ്രകാരം സമർപ്പിച്ച ശുപാർശകൾ നിയമസഭ മുമ്പാകെ അടുത്ത സമ്മേളനത്തിൽ സമർപ്പിക്കുവാൻ അയച്ചു കൊടുക്കുകയും ശുപാർശകളുടെ പകർപ്പ് അനന്തര നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) 1996-ൽ കേരള വനിതാ കമ്മീഷൻ പ്രവർത്തനം തുടങ്ങിയതുമുതൽ 2003 ജൂലൈ 31 വരെ 48375 പരാതികൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 4253 കേസുകൾ ഇനി തീർപ്പാക്കാനുണ്ട്.

ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധി

*18 [918] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടുലക്ഷത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന സംസ്ഥാനത്തെ ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ബീഡി ഉല്പാദന മേഖലയിൽ ഉണ്ടായിരിക്കുന്ന ഗണ്യമായ കുറവിനാധാരമായ പ്രശ്നങ്ങൾ എന്തൊക്കെയാണ്;

(സി) പുകവലി നിരോധനം ഏർപ്പെടുത്തുമ്പോൾ ആ മേഖലയിൽ ജോലി നോക്കിയവരെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബീഡി ഇലകളുടേയും ബീഡിയുടേയും ഇറക്കുമതി സംസ്ഥാനത്തെ ബീഡി വ്യവസായത്തെ കൂടുതൽ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) (1) പൊതുജനാരോഗ്യം കണക്കിലെടുത്തുകൊണ്ടുള്ള പുകവലിക്കെതിരായ പ്രചാരണം.

(2) പുകവലിക്കെതിരായ കോടതി ഉത്തരവ്.

(3) പുതിയ തലമുറയിലെ പുകവലി ശീലത്തിന്റെ കുറവ് എന്നിവയാണ് പ്രധാന കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly